**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**<u>വിജ്ഞാപനം</u>**

**<u>KEAM – 2022</u>**
**<u>സ്വാശ്രയ ദന്തൽ കോളേജുകളിലെ ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാം റൗണ്ട് മോപ് – അപ് അലോട്ട്മെന്റ്</u>**
**<u>പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അവസരം</u>**

2022 –23 അദ്ധ്യയന വർഷത്തെ ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന തീയതി മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റി 14.01.2023 വരെയായി ദീർഘിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്തെ ആദ്യ റൗണ്ട് മോപ് അപ് അലോട്ട്മെന്റിനും സ്ട്രേ വേക്കൻസി അലോട്ട്മെന്റുകൾക്കും ശേഷവും സ്വാശ്രയ ദന്തൽ കോളേജുകളിൽ ബി.ഡി.എസ് കോഴ്സുകളിൽ നിലനിൽക്കുന്ന ഒഴിവുകൾ നികത്തുന്നതിനായി രണ്ടാം റൗണ്ട് മോപ് – അപ്അലോട്ട്മെന്റ് നടത്തുന്നതാണ്. സ്വാശ്രയ ദന്തൽ കോളേജുകളിലെ ഒഴിവ് സംബന്ധിച്ച വിവരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഒന്നാം ഘട്ട മോപ് റൗണ്ടിൽ സ്വാശ്രയ ദന്തൽ കോഴ്സിലേക്ക് രജിസ്റ്റർചെയ്ത ഓപ്ഷനുകൾ ഒന്നും ഈ ഘട്ടത്തിൽ പരിഗണിക്കുന്നതിനായി നിലവില്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾക്ക് രണ്ടാം റൗണ്ട് മോപ്–അപ് അലോട്ട്മെന്റിനായി **31.12.2022 മുതൽ 03.01.2023 വൈകുന്നേരം 5.00 മണിവരെ** ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. അഖിലേന്ത്യാ കൗൺസിലിംഗിലൂടെയും സംസ്ഥാന കൗൺസിലിംഗി ലൂടെയും എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഓൺലൈൻ മോപ്–അപ് കൗൺസിലിംഗിൽ പരിഗണിക്കുന്നതല്ല.

രണ്ടാം റൗണ്ട് ഓൺലൈൻ മോപ്–അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Mop –Up Option Registration'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**<u>മോപ്–അപ്പ് അലോട്ട്മെന്റ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 'Excluded candidate list'-ൽ ഉൾപ്പെട്ടിട്ടുള്ളതും അഖിലേന്ത്യാ കൗൺസലിംഗിലൂടെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്നതുമായ വിദ്യാർത്ഥികളെ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

- സംസ്ഥാന ക്വാട്ടാ രണ്ടാം റൗണ്ട് അലോട്ട്മെന്റിലൂടെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിൽ പ്രവേശനം നേടിയതും, മോപ് അപ്/സ്ട്രേ വേക്കൻസി അലോട്ട്മെന്റിലൂടെ എം .ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിൽ അലോട്ട്മെന്റ്/അഡ്മിഷൻ നേടിയ തുമായ വിദ്യാർത്ഥികളെ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

- ബി.ഡി.എസ് കോഴ്സിലേക്കുള്ള രണ്ടാം റൗണ്ട് മോപ് അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളെ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മറ്റു കോഴ്സുകളുടെ അലോട്ട്മെന്റ് നടപടികളിൽ നിന്നും ഒഴിവാക്കുന്നതാണ്.

- മോപ് അപ് അലോട്ട്മെന്റിലൂടെ ലഭിക്കുന്ന സീറ്റുകളിൽ പിന്നീട് യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല.

**<u>മോപ്-അപ് രജിസ്ട്രേഷൻ ഫീസ്</u>**

രണ്ടാം റൗണ്ട് മോപ്-അപ്പ് അലോട്ട്മെന്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ബാധകമായിരിക്കും. രജിസ്ട്രേഷൻ ഫീസ് ഓൺലൈനായോ, പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

- സ്വാശ്രയ ബി.ഡി.എസ് കോഴ്സുകളിൽ ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ 1,00,000/- രൂപ (ഒരു ലക്ഷം രൂപ) രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

- എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യതൊഴിലാളികളുടെ മക്കൾ/ OEC യ്ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ / 20.06.2005 തീയതിയിലെ G.O(MS)No.25/2005/SCSTDD, G.O(MS)No.10/20148/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്ര ഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവയിലെ വിദ്യാർത്ഥികളും 5000/- രൂപ രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

- എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള ആദ്യറൗണ്ട് മോപ് അപ് അലോട്ട്മെന്റിനായി രജിസ്ട്രേഷൻ തുക അടയ്ക്കുകയും എന്നാൽ അലോട്ട്മെന്റൊന്നും ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുക രണ്ടാം റൗണ്ട് മോപ് അപ് രജിസ്ട്രേഷൻ തുകയായി വകയിരുത്തുന്നതാണ്. ആദ്യ റൗണ്ട് മോപ്

അപ് രജിസ്ട്രേഷൻ ഫീസായി അടച്ച തുക രണ്ടാം റൗണ്ട് രജിസ്ട്രേഷൻ ഫീസിനെക്കാൾ കുറവാണെങ്കിൽ ബാക്കി തുക അടച്ചാൽ മതിയാകും.

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'കാൻഡിഡേറ്റ് പോർട്ടൽ'** വഴി ലോഗിൻ ചെയ്യുമ്പോൾ ലഭ്യമാകുന്ന മോപ്-അപ് രജിസ്ട്രേഷൻ പേജിൽ വിദ്യാർത്ഥികൾ നൽകുന്ന വിവരങ്ങൾക്കനുസരിച്ച് അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കപ്പെടുന്നതാണ്. മോപ്-അപ് അലോട്ട്മെന്റിൽ ബാധകമായ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയതിനുശേഷം മാത്രമേ വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരിക്കൽ രജിസ്ട്രേഷൻ ഫീസ് അടച്ചു കഴിഞ്ഞാൽ പിന്നീട് രജിസ്ട്രേഷൻ ഫീസിൽ ഒരു തരത്തിലുള്ള മാറ്റവും അനുവദിക്കുന്നതല്ല. ആയതിനാൽ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കുന്നതിനായി വിവരങ്ങൾ നൽകുമ്പോൾ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- മോപ്-അപ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുക ബി.ഡി.എസ് കോഴ്സിന്റെ ഫീസിനത്തിൽ വകയിരുത്തുന്നതാണ്. മോപ്-അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള പ്രവേശന നടപടികൾ അവസാനിച്ചശേഷം തിരികെ നൽകുന്നതാണ്.
- മോപ്-അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടെയും അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കുന്നതും തിരികെ നൽകുന്നതുമല്ല . കൂടാതെ ഇത്തരം വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം പിഴ ഈടാക്കുന്നതുമാണ്.
- അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജിലേയ്ക്കും, കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

## <u>അലോട്ട്മെന്റ് ഷെഡ്യൂൾ</u>

| | |
|---|---|
| 31.12.2022 | ഓൺലൈൻ മോപ്-അപ്പ് കൗൺസിലിംഗിന് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വെബ് സൈറ്റ് സജ്ജമാകുന്നു. |
| 03.01.2023 വൈകുന്നേരം 5.00 മണിവരെ | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 04.01.2023 | രണ്ടാം റൗണ്ട് മോപ് അപ് അലോട്ട്മെന്റ് പ്രസിദ്ധീകരണം |

രണ്ടാം റൗണ്ട് മോപ് അപ് കൗൺസിലിംഗിനുശേഷം ബി.ഡി.എസ് കോഴ്സിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ തുടർന്നുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റിലൂടെ നികത്തുന്നതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി വിദ്യാർത്ഥികൾ രണ്ടാം റൗണ്ട് മോപ്-അപ് അലോട്ട്മെന്റിൽ രജിസ്റ്റർ ചെയ്ത ഓപ്ഷനുകൾ അടിസ്ഥാനമാക്കുന്നതാണ്.

രണ്ടാം റൗണ്ട് മോപ് അപ് അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം നേടാതിരിക്കുകയോ, പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുകയോ ചെയ്യുന്ന വിദ്യാർത്ഥികളെ സ്ട്രേ വേക്കൻസി അലോട്ട്മെന്റിൽ ഉൾപ്പെടെ പങ്കെടുപ്പിക്കുന്നതല്ല. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.12.31 18:46:37 IST
Reason: Approved

തിരുവനന്തപുരം
**31/12/2022**

**പ്രവേശന പരീക്ഷാ കമ്മീഷണർ**